പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3138 — 13-03-2017-ലെ മറുപടിയ്ക്ക്

## ചേലക്കരയിൽ വിള ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

ശ്രീ. യു.ആർ.പ്രദീപ്

മറുപടി

ശ്രീ.വി.എസ്.സുനിൽ കമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) ചേലക്കര മണ്ഡലത്തിലെ എത്ര കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്; ഓരോ കൃഷിഭവന്റെയും കീഴിൽ പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ കണക്ക് പ്രത്യേകം വ്യക്തമാക്കാമോ;

(എ) ചേലക്കര മണ്ഡലത്തിൽ വിവിധ കൃഷി ഭവനുകൾക്ക് കീഴിൽ 3616 കർഷകർ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിള ഇൻഷ്വർ ചെയ്തിട്ടുണ്ട്.

| കൃഷി ഭവൻ | കർഷകർ |
|---|---|
| ദേശമംഗലം | 249 |
| മുള്ളൂർക്കര | 397 |
| വരവൂർ | 434 |
| ചേലക്കര | 472 |
| കൊണ്ടാഴി | 801 |
| പാഞ്ഞാൾ | 429 |
| പഴയന്നൂർ | 291 |
| വള്ളത്തോൾ നഗർ | 230 |
| തിരുവില്വാമല | 313 |
| **ആകെ** | **3616** |

(ബി) ബോധവൽക്കരണം നടത്തി കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് കൃഷി ആഫീസർമാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(ബി) കർഷക സംഘങ്ങളുടെ കമ്മിറ്റികളിലും പാടശേഖര മീറ്റിംഗുകളിലും കാർഷിക വികസന സമിതി മീറ്റിംഗുകളിലും വിള ഇൻഷ്വർ ചെയ്യുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി കൃഷിക്കാരെ അവരുടെ വിള ഇൻഷ്വർ ചെയ്യാൻ അവബോധം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ